For Private Circulation Only

June 2019

ആഗമനാരുണൻ

Vol.66

" എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ ..... ഇതു എഴുതിയിരിക്കുന്നു" (യോഹ.20:31)

No.6

ക്രിസ്തീയ സേവനത്തിന്റെ പ്രേരകശക്തി

By Samuel Chadwick (1860- 1932)

ക്രിസ്തീയ ജീവിതത്തിലെ ഏറ്റവും പ്രധാനമായ അനുഭവമാണ് പരിശുദ്ധാത്മാവിന്റെ ശക്തി. നമ്മുടെ വിശ്വാസത്തിന്റെ ജീവനാണത്. പരിശുദ്ധാത്മാവിന്റെ വാസം നമ്മുടെ ക്രിസ്തീയ ജീവിതത്തിലെ വിജയത്തിന്റെ രഹസ്യമാണ്. നമ്മിൽ വസിക്കുന്ന ആ ദൈവശക്തി ക്രിസ്തീയ ജീവിതത്തിന്റെ പ്രേരക ശക്തിയാണ്.

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വാഗ്ദത്തം നമ്മെ മാടി വിളിക്കുന്നു. പെന്തെക്കോസ്തിന്റെ അനുഭവം നമ്മെ മാടി വിളിക്കുന്നു. ക്രിസ്തീയ സഭയുടെ ചരിത്രം നമ്മെ ധൈര്യപ്പെടുത്തുന്നു. നാം പരിശുദ്ധാത്മാവിന്റെ ശക്തിയിൽ വിശ്വസിക്കുന്നുവോ?

പെന്തെക്കോസ്തിന്റെ അനുഗ്രഹം നമ്മുടെ അനുഗ്രഹത്തിന്റെ നിറവാണ്. കാറ്റിനെക്കുറിച്ചും തീയെക്കുറിച്ചും ഉള്ള പരിശുദ്ധാത്മാവിന്റെ സാദൃശ്യങ്ങൾ ദൈവീക ദാനത്തിന്റെ ദൗത്യവും സ്വഭാവവും വെളിപ്പെടുത്തുന്നു, എന്നാൽ യഥാർത്ഥമായ സത്യം എന്നത്, അവിടെ കൂടിയിരുന്ന എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായിത്തീർന്നു എന്നുള്ളതാണ്. തീ, ശക്തി, ധൈര്യം, സന്തോഷം എന്നിവയുടെ ഉറവിടം നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ പൂർണ്ണതയാണ്. അവ കവിഞ്ഞൊഴുകി, കാരണം അവർ കവിഞ്ഞൊഴുകാൻ വേണ്ടി നിറഞ്ഞു.

നിറവ് വ്യത്യാസം ഉണ്ടാക്കുന്നു.

വില്യം ആർതർ തന്റെ അഗ്നിനാവുകൾ എന്ന പുസ്തകത്തിൽ പറയുന്നത്, ഒരു കഷണം ഇരുമ്പ് ഇരുണ്ട നിറവും തണുത്തതുമാണ്. തീയിൽ നിശ്ചിത സമയം കിടക്കുമ്പോൾ അത് ഏകദേശം കത്തുവാൻ തുടങ്ങും. ഒരു നിശ്ചിത സമയം കഴിയുമ്പോൾ അത് തീയായി മാറും, അതിനെ തൊടുന്നവർക്ക് അത് തീക്കനലായി അനുഭവപ്പെടും, അതിന്റെ നിറവും വ്യത്യാസപ്പെട്ടിരിക്കും.

ഒരു മഞ്ഞുകട്ട തണുത്ത് ഉറഞ്ഞ് ഒരു കഷണമായി ഇരിക്കും. ചൂടാകുമ്പോൾ അത് ഒഴുകാൻ തുടങ്ങും. വീണ്ടും ചൂടാകുമ്പോൾ അത് ആവിയായി ആകാശത്തിലേയ്ക്ക് ഉയരും. ഒരു ഓർഗൻ സാധാരണവായുവിലാണ് ഇരിക്കുന്നതെങ്കിൽ അതുകൊണ്ട് പ്രയോജനമില്ല. വായിക്കുന്നവൻ അതിന്റെ കട്ടകളിൽ എത്രവിശദമായി തൊട്ടാലും അത് മിണ്ടാതിരിക്കും. എന്നാൽ അതേ വായുവിനെത്തന്നെ ശരിക്ക് നാം ഉപയോഗിക്കുമ്പോൾ മധുരവും വ്യക്തവുമായ ശബ്ദം വായിക്കുന്നവന്റെ വിരലുകളാൽ പുറത്തുവരും. വൈദ്യുതി ആവശ്യത്തിന് കടത്തിവിട്ടാൽ അതിലുള്ള വായു വ്യത്യാസപ്പെട്ടിട്ട് അത് വായിക്കുന്നവന്റെ വിരലുകളാൽ മനോഹരമായ ശബ്ദം ലഭിക്കുവാൻ കഴിയും.

പരിശുദ്ധാത്മാവ് ഇല്ലെങ്കിൽ നമ്മുടെ ജീവിതവും ഇതുപോലെയാണ്. പരിശുദ്ധാത്മാവിനെ ജീവിതത്തിലേയ്ക്ക് കടത്തിവിടുമ്പോൾ ആ വ്യത്യാസം ജീവിതത്തിൽ കണ്ടു തുടങ്ങും. നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന് ഇടം കൊടുക്കുമ്പോൾ അത് നമ്മുടെ ജീവിതത്തിൽ നിറയുവാൻ ഇടയായിത്തീരും.

പെന്തെക്കോസ്തു നമ്മുടെ ജീവിതത്തിൽ വരുത്തുന്ന വ്യത്യാസം

അനുഗ്രഹം മുഴു ജീവിതത്തെയും വ്യാസപ്പെടുത്തുന്നു. അകത്തു വസിക്കുന്ന ദൈവസാന്നിദ്ധ്യത്തിന്റെ ഇരിപ്പിടം ആത്മീക കാര്യമാണ്. എന്നാൽ അത് നമ്മുടെ ജീവിതത്തെ മുഴുവൻ സ്വാധീനിക്കയും നിയന്ത്രിക്കയും ചെയ്യുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് മാളികമുറിയിൽ കാത്തിരുന്ന തന്റെ മക്കളുടെ മേൽ വന്ന് അവരെ മൂടി, ഇന്നും തന്നിൽ വിശ്വസിക്കുന്നവരുടെമേൽ പരിശുദ്ധാത്മാവു വരുന്നു".

പരിശുദ്ധാത്മാവ് തന്റെ ജനത്തെ നിറയ്ക്കുന്നു. തന്റെ ജനം പരിശുദ്ധാത്മാവിനാൽ നിറയുന്നു. പരിശുദ്ധാത്മാവ് അവരിൽ ഒരു ശരീരം ആഗ്രഹിക്കുന്നു. അവർ തങ്ങളുടെ ശരീരത്തിൽ വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയെ അന്വേഷിക്കുന്നു. സംശയങ്ങളൊന്നുമില്ലാതെയുള്ള പരസ്പരാംഗീകരണവും ഒരുമയുടെ സന്തോഷവുമാണഅ ലഭിക്കുന്നത്.

പെന്തെക്കോസ്തു നാളിൽ അപ്പോസ്തലന്മാരീൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയെ നാം കാണുന്നു. വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയെ ആണ് ഇവിടെ നാം കാണുന്നത്. യേശു പറഞ്ഞു, പരിശുദ്ധാത്മാവ് വരുമ്പോൾ താൻ പറഞ്ഞ കാര്യങ്ങൾ ഓർമ്മപ്പെടുത്തും എന്ന്. ആ ദിവസം നിങ്ങൾ അറിയും. സത്യത്തിന്റെ ആത്മാവ് അവരെ സകല സത്യത്തിലും വഴി നടത്തും.

കർത്താവ് അവരെ പഠിപ്പിച്ച കാര്യങ്ങളാണ് പെന്തെക്കോസ്തുനാളിൽ അവർക്കു കാണുവാനും അനുഭവിപ്പാനും കഴിഞ്ഞത്. പ്രവചനം ഒരു പുതിയ ദർശനത്തോടെ സംസാരിക്കുന്നു, ക്രിസ്തുവിന്റെ മരണപുനരുദ്ധാനങ്ങൾ ദൈവത്തിന്റെ നിത്യമായ ഉദ്ദേശപ്രകാരം വ്യാഖ്യാനിക്കപ്പെടുന്നു.

ദൈവത്തിന്റെ വചനം പുതുതായിത്തീർന്നു, ക്രിസ്തുവിന്റെ പഠിപ്പിക്കലിന്റെയും ശുശ്രൂഷയുടെയും ചരിത്രം പുതിയ അർത്ഥം കൈക്കൊണ്ടു. അവ മുമ്പ് മങ്ങിയ അനുഭവമായിരുന്നു. എന്നാൽ പെന്തെക്കോസ്തു എല്ലാറ്റെയും വ്യത്യാസപ്പെടുത്തി. പരിശുദ്ധാത്മാവിന്റെ വെളിച്ചത്തിൽ തിരുവചനസത്യങ്ങൾ കൂടുതൽ തെളിവായ് വെളിപ്പെട്ടുവന്നു.

ഓരോ വ്യക്തികൾക്കും വന്ന വ്യത്യാസം, അവരുടെ അറിവിനപ്പുറത്തായിരുന്നു. സുവിശേഷങ്ങൾ ഈ വ്യക്തികളെ ചൂണ്ടിക്കാണിക്കുന്നത്, അഹങ്കാരത്തോടും, സ്വാർ

(ശേഷം 6-ാംപേജിൽ)

ബേസിൽ മാലോഫ് കിഴക്കൻ യൂറോപ്പിലെ ഒരു അപ്പോസ്തലൻ

By James A Stewart (1910-1975)

20-ാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ അടിമകളുടെയിടയിൽ വേല ചെയ്യുവാനായി ലാനാ്രിയയിൽ നിന്നും ബേസിൽ മാലോഫ് വിളിക്കപ്പെട്ടു. ലണ്ടനിലുള്ള സ്പർജന്റെ പാസ്റ്റേഴ്സ് കോളേജ് -ൽ നിന്നും ബിരുദമെടുത്തനന്തരം മാലോഫ് തന്റെ ശുശ്രൂഷ, റഷ്യയിലുള്ള സെന്റ് പീറ്റേഴ്സ് ബർഗ്ഗിൽ ആരംഭിച്ചു. ഒരിക്കൽ തന്റെ വേല ആ സ്ഥലത്ത് നന്നായി സ്ഥാപിക്കപ്പെട്ടപ്പോൾ, മോസ്കോയിൽ തന്റെ പ്രവർത്തനത്തിൽ ആയിരിക്കുമ്പോൾ ഓർത്തഡോക്സ് ചർച്ചിൽ നിന്നും തനിക്ക് എതിർപ്പുകൾ നേരിട്ടു. മാലോഫ് പിടിക്കപ്പെടുകയും ജീവനു വേണ്ടി ഓടിപ്പോകേണ്ടി വരികയും ചെയ്തു. അതിന്റെ ശേഷം റഷ്യയ്ക്കു പുറത്ത് അതിന്റെ അതിർത്തി പ്രദേശങ്ങളിൽ അടിമപ്പണിക്കാരുടെയിടയിൽ താൻ വേല ചെയ്യുകയുണ്ടായി.

പാസ്റ്റർ മാലോഫിന്റെ ജീവിതത്തിൽ ധാരാളം പ്രതികൂലങ്ങൾ നേരിടേണ്ടി വന്നു. തന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങളും ജീവിതവഴികളും അത്ര എളുപ്പമുള്ളതായിരുന്നില്ല. പ്രയാസങ്ങളും പ്രശ്നങ്ങളും നിറഞ്ഞതായിരുന്നു തന്റെ മുന്നോട്ടുള്ള വഴികൾ. ചില ദിവസങ്ങൾ ഞാൻ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. വഴികൾ അടയപ്പെട്ടു എന്ന് പലപ്പോഴും തോന്നി. ആ പ്രയാസവേളകളിൽ സ്വർഗ്ഗീയ പിതാവാം ദൈവത്തിന്റെ വഴികൾ മനസിലാക്കുക എന്നതും പ്രയാസകരമായ ഒരു അനുഭവമായിരുന്നു.

തന്റെ നാട്ടിൽ നിന്നും ആളുകളുടെയിടയിൽ നിന്നും ഉള്ള ഓടിപ്പോക്ക് പ്രയാസമേറിയ ഒരു അനുഭവമായിരുന്നു. ഇപ്പോൾ സ്വീഡന്റെ തലസ്ഥാനമായ സ്റ്റോക്ക് ഹോളം, എന്ന സ്ഥലത്ത് ആയിരിക്കുകയാണ്. തന്നെ സ്നേഹിക്കുന്ന ഒരു കൂട്ടം ശക്തന്മാരായ ആളുകളാൽ വലയം ചെയ്യപ്പെട്ടിരുന്നു എങ്കിവും തന്റെ ജീവിതത്തിൽ ആ പ്രയാസങ്ങൾ ദൈവവേലയുടെ ഭാഗമാണെന്ന് അംഗീകരിക്കുവാൻ അദ്ദേഹത്തിന് പ്രയാസമുണ്ടായിരുന്നു. റഷ്യയെ സുവിശേഷീകരിക്കാനായിരുന്നില്ലേ ദൈവം തന്നെ വിളിച്ചത്? അതിനു വേണ്ടി ദൈവത്താൽ ശക്തമായി ഉപയോഗിക്കപ്പെടേണ്ടവനല്ലയോ? പിന്നെ എന്തുകൊണ്ട് താൻ അവിടെ നിന്നും ഓടിപ്പോകേണ്ടി വന്നു? സ്വീഡനിൽ ആയിരിപ്പാൻ അദ്ദേഹം ആഗ്രഹിച്ചില്ല. അദ്ദേഹം സെന്റ് പീറ്റേഴ്സ് ബർഗ്ഗിലും മോസ്കോയിലും റിഗായിലും ഒക്കെ ആയിരിപ്പാനാണ് ആഗ്രഹിച്ചത്.

സ്വീഡനിൽ നല്ല ദൈവപ്രവൃത്തികളുണ്ടായി 4,000-ൽ അധികം ആളുകൾ അദ്ദേഹത്തിന്റെ പ്രസംഗം കേൾപ്പാൻ കൂടി വന്നു. തന്റെ മാത്രമല്ല താൻ സ്കാൻസിനേവിയായിൽ സുവിശേഷകനായിരിപ്പാനല്ല വിളിക്കപ്പെട്ടത് എന്ന് ചിന്തിപ്പാൻ തുടങ്ങി. സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ മാത്രമാണ് താൻ അവിടെ ആയിരിക്കുന്നത് എന്ന് മനസ്സിലാക്കി. ആ സാഹചര്യത്തിൽ കർത്താവിനെ സ്തുതിക്കുന്നത് തനിക്ക് പ്രയാസമായി തോന്നി.

ബോർഡ്മാൻ എന്ന ഒരു ഒരു അമേരിക്കൻ വനിത തന്റെ ഭർത്താവിന്റെ മരണ ശേഷം ഇതുപോലൊരു പ്രതിസന്ധിഘട്ടത്തിൽ അവരുടെ പഠിപ്പിക്കലുകൾ ഒരു ഭാഗമായിരുന്നു. കർത്താവ് അവളോട് പറഞ്ഞു. നിന്റെ ഭർത്താവിനെ ഞാൻ എടുത്തുകൊണ്ടു എന്ന

(ശേഷം 5-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വനന്ദനം.

“ അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്ക് അവനോടുള്ള ധൈര്യം ആകുന്നു. നാം എന്തു അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു”. (1യോഹ.5:14,15).

2019 -ാം വർഷത്തിന്റെ മേയ് മാസം നമ്മെ വിട്ട് കടന്നു പോയി. ജൂൺ മാസത്തി ലേക്ക് നാം കടന്നു വന്നിരിക്കുന്നു.

ജീവിതത്തിലെ ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലും ദൈവഹിതം അന്വേഷിച്ചു നീങ്ങിയാൽ നമ്മുടെ ജീവിതം വൻ വിജയമായിരിക്കും. പ്രതിസന്ധികളിൽ നാം തീർച്ചയായും ദൈവഹിതം അന്വേഷിക്കണം. ദാവീദ് തന്റെ പ്രതിസന്ധികളിലെല്ലാം ദൈവഹിതം അറിയുവാൻ ദൈവ സന്നിധിയിലെത്തി. ജീവിതത്തിന്റെ ഓരോ ചെറിയ കാര്യത്തിലും വലിയ കാര്യത്തിലും ദൈവഹിതം തിരിച്ചറിയേണ്ടതിന് ദാവീദ് എപ്പോഴും പുരോഹിതന്റെ അരികിൽ ദൈവീക അരുളപ്പാടിനായി എത്തിയിരുന്നു.

ദൈവഹിതം അന്വേഷിക്കുന്നവന് മാത്രമേ ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യനാകാൻ കഴിയുകയുള്ളൂ. പ്രീയരേ, ദൈവത്തിന് കീഴടങ്ങി ദൈവത്തിന്, ഹൃദയപ്രകാരമുള്ള മനുഷ്യനാകുവാൻ നമുക്ക് പരിശ്രമിക്കാം. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ. അവൻ നമ്മെ ജീവപര്യന്തം വഴി നടത്തും. ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ച് മുമ്പോട്ടു നീങ്ങാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

സേവനത്തിന്റെ പാഠം

By J.R.Miller (1840 - 1912)

യേശു പഠിപ്പിച്ചത്, നാം ജീവിക്കുന്നത് സേവനം അനുഭവിക്കുവാനല്ല സേവനം ചെയ്യുവാനാണ് (മത്താ. 25-28).

കർത്താവ് നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന പാഠം എന്താണ്? അത്, ഒറ്റവാക്കിൽ പറഞ്ഞാൽ അത് നമ്മെയും മറ്റുള്ളവരെയും ബന്ധപ്പെടുത്തി പറഞ്ഞാൽ അത് ഇങ്ങനെയായിരിക്കും എങ്ങനെ നമ്മുടെ ജീവിതത്തിൽ സന്തോഷം ഉണ്ടാക്കാം എന്നല്ല, എങ്ങനെ ലാഭം, ബഹുമാനം, നേട്ടം എന്നിവ ഉണ്ടാക്കാം എന്നല്ല- പിന്നെയോ മറ്റുള്ളവർക്ക് എങ്ങനെ നന്മ ചെയ്യാം, അവർക്ക് എങ്ങനെ ബഹുമാനമുണ്ടാക്കാം എന്ന ചിന്തയാണത്.

അതുകൊണ്ടാണ് ദൈവം അരുളിചെയ്തത്, കൂട്ടുകാരനെ സ്നേഹിക്കയോ സേവിക്കയോ ചെയ്യാതെ ദൈവത്തെ സ്നേഹിക്കുകയോ, സേവിക്കുകയോ ചെയ്യാൻ സാദ്ധ്യമല്ല. യേശു ഒടുവിലത്തെ ന്യായവിധിയെ സംബന്ധിച്ച് സംസാരിക്കുമ്പോൾ പറഞ്ഞത്, ഒരുവൻ വിശന്നിരുന്നാൽ ആ വിശപ്പ് കർത്താവിന്റേതാണ്. ഒരുവൻ ദാഹിച്ചിരുന്നാൽ ആ ദാഹം കർത്താവിന്റേതാണ്, ഒരുവൻ രോഗിയായിരുന്നാൽ ആ രോഗം കർത്താവിന്റേതാണ്. ഒരു അപരിചിതൻ നമ്മുടെ വാതിൽ ക്കൽ വന്നാൽ യേശു നമ്മുടെ സ്നേഹത്തിനും കരുണയ്ക്കുമായി നമ്മുടെ വാതിൽക്കൽ നിൽക്കുകയാണ്. തന്റെ ജനത്തെ സേവിക്കുന്നതിലൂടെ നാം ദൈവത്തെ സേവിക്കുന്നു. തന്റെ ജനത്തെ ഉപേക്ഷിക്കുന്നതിലൂടെ നാം ദൈവത്തെ ഉപേക്ഷിക്കുന്നു. (മത്താ. 25:31-46).

നമ്മുടെ കൂട്ടുകാരെ ഉപേക്ഷിച്ച് ആർക്കും കർത്താവിനോടുള്ള സ്നേഹവും സേവനവും ചെയ്യുവാൻ കഴിയുന്നതല്ല. അങ്ങനെയുള്ള പ്രവൃത്തി ദൈവം അംഗീകരിക്കുന്നില്ല. നാം ദൈവത്തെ സ്നേഹിക്കുന്നു എന്ന് പറയുന്നു എങ്കിൽ ദൈവം ചിന്തിക്കുന്നത് ആവശ്യത്തിലിരിക്കുന്നവർ വിശന്നിരിക്കുന്നവർ, ഭാരമുള്ളവർ, നമ്മുടെ ചുറ്റും കഷ്ടതയനുഭവിക്കുന്നവർ, അവരെ ചൂണ്ടിക്കാണിച്ച് കർത്താവ് പറയുന്നത്. നിങ്ങളുടെ സ്നേഹം എന്റെ ജനത്തിന് കൊടുപ്പിൻ. എന്റെ നാമത്തിൽ അവർക്ക് സേവനം ചെയ്യുവിൻ, അവരെ നോക്കൂ അവരുടെ ദു:ഖം എന്റേതാണ്; അവരുടെ ആവശ്യം എന്റേതാണ്. അവരുടെ അവസ്ഥ എന്റേതാണ്.

ക്രിസ്തുവിനോടുള്ള ഈ ബന്ധത്തിൽ നിന്നും നമുക്ക് ഒഴിഞ്ഞിരിക്കാൻ സാദ്ധ്യമല്ല. അതു നമ്മെ മറ്റുള്ളവരുമായി ബന്ധിപ്പിക്കുന്നു. ഒരു വിശ്വാസിയോടുള്ള ബന്ധത്തിൽ സ്വാർത്ഥത കാണിക്കുന്നത് ക്രിസ്തുവിനോട് സ്വാർത്ഥത കാണിക്കുന്നതിന് തുല്യമാണ്. നമ്മുടെ സഹായം ആവശ്യമുള്ള ഒരാളിനെ ഉപേക്ഷിക്കുന്നത് ക്രിസ്തുവിനെ ഉപേക്ഷിക്കുന്നതിന് തുല്യമാണ്. ക്രിസ്തുവിന്റെ നാമത്തിൽ ആർക്ക് നന്മ ചെയ്താലും അത് ക്രിസ്തുവിനുവേണ്ടിയാണ് ചെയ്യുന്നത്.

ഓരോ ജീവനും വിലപ്പെട്ടതാണ്.

ക്രിസ്തു താൻ എപ്പോഴും നമ്മോടുകൂടെയുണ്ട് എന്ന് നാം മനസ്സിലാക്കിയിരിക്കും എങ്കിൽ, അത് വെറും ആത്മിക സാന്നിദ്ധ്യം മാത്രമല്ല, പിന്നെയോ ആവശ്യങ്ങളിലിരിക്കുന്ന ഓരോ വ്യക്തിക്കും അഥവാ കഷ്ടതയിലായിരിക്കുന്ന തന്റെ ജനത്തിന്, രൂപാന്തരം വരുത്തി, തന്റെ മഹത്വം അവരുടെമേൽ പകർന്ന് ദൂതന്മാരുടെ ശ്രേഷ്ടമേറിയ സേവനം അവർക്ക് ലഭ്യമാക്കുന്നു. നമ്മുടെ അടുക്കൽ വരുന്ന ഓരോ വ്യക്തിയിലും ക്രിസ്തുവിനെ നാം കാണുന്നു എങ്കിൽ നമ്മുടെ വിലപ്പെട്ട ശുശ്രൂഷ അവർക്ക് അനുഗ്രഹമായിത്തീരും.

ഈ പാഠം ഓരോ ജീവനേയും വിലപ്പെട്ടതാക്കുന്നു, അതിനെ ആദരിക്കാത്തവൻ അതിനെ അശുദ്ധമാക്കുന്നു. ആരെയും നാം അലസമായി കാണരുത്. നാം ആർക്കാണ് ഒരു നന്മയായിത്തീരുന്നത് എന്ന് നാം അറിയുന്നില്ല. അപരിചിതനായ മനുഷ്യൻ നമ്മുടെ അടുത്തുവരുമ്പോൾ വെറും ഒരു മണിക്കൂർ നേരത്തെ നമ്മുടെ ശുശ്രൂഷ ആയുസ്സിൽ മറക്കാൻ കഴിയാത്ത ഒരു നന്മയാണെന്ന് ആർക്കറിയാം.

നമ്മുടെ ദൗത്യം നാം പ്രസിദ്ധപ്പെടുത്തേണ്ട. നമ്മുടെ സ്നേഹത്തിന്റെ വേലയെക്കുറിച്ച് നാം പ്രശംസിക്കരുത്. താഴ്മയോടും, വിനയത്തോടും,

(ശേഷം 6-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക — *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*

പശ്ചാത്തപിക്കുക — *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*

ഏറ്റുപറയുക — *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*

ഉപേക്ഷിക്കുക — *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*

ശുദ്ധീകരിപ്പെടുക — *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*

വിശ്വസിക്കുക — *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*

സമർപ്പിക്കുക — *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*

പ്രാപിച്ചെടുക്കുക — *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

ഗൗരവതരമായ ജീവിതം

By J.R.Miller

ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്നതു സംബന്ധിച്ച് അനുഗ്രഹിക്കപ്പെട്ട ഒരു വേദഭാഗം പൗലൊസിന്റെ ലേഖനത്തൽ കാണുന്നു (1കൊരി.3:9). അവിടെ പൗലൊസ് പറയുന്നത് നാം ദൈവത്തിന്റെ കൂട്ടുവേലക്കാർ എന്നാണ്. ദൈവ ത്തെ കൂടാതെ നമുക്ക് ഒന്നും ചെയ്യാൻ കഴിയുന്നതല്ല. നമ്മുടെ സാധാരണ ജീവിതത്തിൽ അത് വളരെ സത്യവുമാണ്.

ദൈവവേലയിൽ നമ്മുടെ ഭാഗം പ്രധാനമാണ്. അത് നാം നന്നായും വിശ്വസ്തമായും ചെയ്യേണ്ടതാണ്. അലസതയും ഉപേക്ഷയും ജീവിതങ്ങളെ നിരാശപ്പെടുത്തും ആത്മാക്കളുടെ നഷ്ടത്തിനും അത് കാരണമാക്കും, നാം ലജ്ജിതരായിത്തീരുകയും ചെയ്യും. ഒരു യൗവനക്കാരിയായ അമ്മ ഇങ്ങനെ എഴുതി: എന്റെ കുഞ്ഞിനെ എന്റെ കയ്യിൽ ആദ്യമായി എടുത്ത സമയം കുഞ്ഞിന്റെ കുഞ്ഞു കരം എന്റെ വിരലുകളെ പിടിച്ചിരുന്നു. ഞാൻ ചിന്തിച്ചു. ഞാൻ എത്ര അമുഗ്രഹിക്കപ്പെട്ടവളാണ്, കാരണം ഞാൻ അവൻ ദൈവമനുഷ്യനായി വളരുവാൻ എന്റെ സഹായം ആവശ്യമാണ്. ദൈവത്തിന്റെ വേലചെയ്യുന്നവരിൽ നിന്നും ദൈവം ആഗ്രഹിക്കുന്നത് വിശ്വസ്തയാണ്. നമ്മെ ഉപയോഗിക്കുവാൻ ദൈവം കാത്തിരിക്കുന്നു. നമ്മുടെ ഉത്തരവാദിത്വം നന്നായി ചെയ്യുവാൻ നാം ബാദ്ധ്യസ്ഥരാണ്. നാം അവിശ്വസ്തരായിത്തീർന്നാൽ ദൈവത്തിന്റെ പ്രവൃത്തി നമ്മിലൂടെ നടക്കുകയില്ല.

ഒരു ക്രിസ്തീയ ശുശ്രൂഷ (ശേഷം 8-ാംപേജിൽ)

കഴിഞ്ഞ ലക്കം തുടർച്ച
ബയ്സിൽ മാലോഫ് കിഴക്കൻ യൂറോപ്പിലെ ഒരു അപ്പോസ്തലൻ

ഇംഗ്ലണ്ടിൽ നിന്നും ഉള്ള ഒരു സുവിശേഷകനാൽ ക്രിസ്തുവിലേയ്ക്ക് നടത്തപ്പെട്ട ചില സഹോദരിമാരെ പരിചയപ്പെട്ടു. ഉന്നത് നിലവാരമുള്ള ആളുകളുടെയിടയിൽ പ്രവർത്തനം വിശാലമാക്കി. ധാരാളം ബൈബിളുകളും പുതിയ നിയമങ്ങളും ലഘുലേഖകളും അവർക്ക് അയച്ചു കൊടുക്കുവാൻ ബേസിലിനു കഴിഞ്ഞു. രണ്ട് ആഴ്ച ഇടവിട്ട് വലിയ ആഡിറ്റോറിയങ്ങൾ വാടകയ്ക്ക് എടുത്ത് മീറ്റിംഗുകൾ നടത്തി. 300 മുതൽ 1000 പേർ ആദ്യനാളുകളിൽ ബേസിലിന്റെ ആത്മശക്തിയിലുള്ള പ്രഭാഷണങ്ങൾ കേൾക്കാൻ എത്തിക്കൊണ്ടിരുന്നു. ഉന്നതന്മാരായ ആളുകൾ അനേകർ ക്രിസ്തുവിങ്കലേയ്ക്ക് വന്നു. ദൈവവചനം കേൾപ്പാൻ കൂടുതൽ ആളുകളുണ്ടായി. പുതിയ വിശ്വാസികളെ അവർ ആയിരിക്കുന്ന സ്ഥാനങ്ങളിൽ ക്രീസ്തുവിന്റെ സാക്ഷികളാകുവാൻ ഉത്സാഹിപ്പിച്ചു. ദൈവ വേല വിശാലമാകുവാൻ അത് കാരണമായി.

ബേസിലിന്റെ നേതൃത്വത്തിൽ 1911-ൽ റഷ്യയിലെ സെന്റ് പീറ്റേഴ്സ് ബർഗ്ഗിൽ വലുതും മനോഹരവുമായ റഷ്യൻ ഇവാഞ്ചലിക്കൽ ചർച്ച് സ്ഥാപിക്കപ്പെട്ടു. അ തിൽ 2000 പേർക്ക് ഇരിക്കാൻ കഴിയുമായിരുന്നു. നൂറുകണക്കിനാളുകൾ ക്രിസ്തുവിങ്കലേക്ക് വന്നു. അവർ വരിക മാത്രമല്ല തങ്ങളുടെ മാതൃദേശങ്ങളിലും പോയി യേശുവിന്റെ സാക്ഷികളായി. ആളുകളെ പരിശീലിപ്പിച്ച് വിവിധ സ്ഥലങ്ങളിലേക്ക് അയച്ചു.

1913-ൽ തന്റെ ശുശ്രൂഷയിൽ മാനസാന്തരപ്പെട്ടു വന്ന ബാർബറകൊവാലേവ്സ്കി എന്ന യുവതിയെ വിവാഹം കഴിച്ചു. അവൾ വളരെ ബുദ്ധിശാലിയും ആഴമായ ആത്മീയ അനുഭവമുള്ളവളും ശുശ്രൂഷയിൽ തന്റെ ഭർത്താവിന് വിശ്വസ്തയും കഴിവുള്ളവളുമായ കൂട്ടാളിയുമായിരുന്നു എന്ന് തെളിയിക്കപ്പെട്ടു. ദൈവത്തെ സ്നേഹിക്കയും ഭയപ്പെടുകയും സേവിക്കയും ചെയ്യുന്ന 10 ആൺമക്കളേയും 3 പെൺമക്കളേയും ദൈവം അവർക്കു നൽകി.

മോസ്കോപ്പിലെ പ്രവർത്തനങ്ങളും എതിർപ്പുകളും

സെന്റ് പീറ്റേഴ് ബർഗ്ഗിലെ വേല ഉറപ്പിക്കപ്പെട്ടശേഷം ബേസിൽ മോസ്കോയിൽ പ്രവർത്തനമാരംഭിച്ചു. അത് ദേശീയ സഭയുടെ കേന്ദ്രം എന്ന് അറിയപ്പെട്ടിരുന്നു. ബേസിലിന്റെ പ്രസംഗത്തിൽ മാനസാന്തരപ്പെട്ട ഒരു കൂട്ടം വിശ്വാസികൾ സുവിശേഷ താല്പര്യമുള്ളവരായി പട്ടണത്തിലുടനീളം ആത്മാക്കളെ നേടുന്ന ശുശ്രൂഷയിൽ ഏർപ്പെട്ടു. ഇത് അവിടെയുള്ള ഓർത്തഡോക്സ് സഭാ നേതൃത്വങ്ങളെ പ്രകോപിപ്പിക്കുവാൻ ഇടയായി. എങ്കിലും ഓർത്തഡോക്സ് സഭയിലെ ഒരു കൂട്ടം പുരോഹിതന്മാർ വളരെ നല്ല ആളുകളായിരുന്നു. അവരുടെ പ്രസംഗങ്ങൾ ആളുകളെ മാനസാന്തരത്തിലേക്ക് നയിക്കുന്നില്ല എന്ന് അവർക്ക് അറിയാമായിരുന്നു. എന്നാൽ സഭാ നേതാക്കന്മാർ ബേസിലിന്റെ പ്രവർത്തനങ്ങൾ സഭയുടെ ആചാര അനുഷ്ഠാനങ്ങൾക്ക് നിരക്കുന്നതല്ല എന്ന് മനസ്സിലാക്കി. ബേസിലിന്റെ പ്രവർത്തനങ്ങളെ ഇല്ലാതാക്കുവാൻ ശ്രമിച്ചു. അത് ബേസിലിനെ ശക്തമായ പ്രാർത്ഥനയിലേക്ക് നടത്തി. സമ്മർദ്ദങ്ങൾ തനിക്ക് എതിരം ഉണ്ടായിരുന്നു എങ്കിലും ആളുകൾ ജീവനുള്ള ക്രിസ്തുവിങ്കലേക്ക് തങ്ങളെ അടുപ്പിക്കുന്ന ബേ സിലിന്റെ ആത്മ പ്രേരിതമായ ശക്തമായ പ്ര സംഗങ്ങളിൽ ആകൃഷ്ടരായി കൂടിവന്നുകൊണ്ടേയിരുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് ശക്തമായി പ്രവർ ത്തിക്കയും ജീവജലത്തിന്റെ അരുവികൾ മോസ്കോസ് കോയിൽ നിന്നും സെന്റ് പീറ്റേഴ്സ് ബർഗ്ഗിൽ നിന്നും ഒഴുകി ജീവന്റെ ശക്തിയാൽ ദേശത്തുടനീളം വ്യപരിച്ചുകൊണ്ടിരുന്നു. ബേസിൽ ത ന്റെ സ്വദേശമായ ലാത്വിയയുടെ തല സ്ഥാനമായ റിഗയിൽ ഒരു വലിയ സഭ പണിതു ബേസിലിന്റെ കൂടെയുള്ള വരിൽ ചിലർ വളരെ ദൂരങ്ങൾ സഞ്ചരിച്ചു സുവിശേഷം അറിയിച്ച വരിൽ ചിലർ ഉപദ്രവിക്കപ്പെടുകയും ജയലിലട.യ്ക്കപ്പെടുകയും ചിലർ കൊല്ലപ്പെടുകയും ചെയ്തു. എന്നാൽ ആയിരക്കണക്കിനു ആളുകൾ ക്രിസ്തുവിൽ ജീവൻ കണ്ടെത്തി, നൂറു കണക്കിനാളുകൾ ഒർത്തഡോക്സ് സഭ വിട്ടു വന്നു.

പിടിക്കപ്പെട്ടു

പെട്ടെന്ന് താൻ പിടിക്കപ്പെടുവാനും സൈബീരിയിലേയ്ക്ക് പോകുന്നു എന്ന് മിലിട്ടറി പോലീസിന്റെ അറിയിപ്പ് വന്നു. തന്റെ ഭാര്യയെയും മൂന്നു മാസം പ്രായമായ തന്റെ കുഞ്ഞിനെയും വിട്ട് ജയിലിൽ പോകണമായിരുന്നു. ഭർത്താവും ഭാര്യയും ഹൃദയഭാരമുള്ളവരായി യാത്ര പറഞ്ഞ് അദ്ദേഹം ജയിലിലേയ്ക്ക് പോയി. ആദ്യത്തെ രാത്രിയിൽ ദുഷ്ടന്മാരായ മൂന്ന് ജയിൽ പുള്ളികളോടൊപ്പം കിടക്കേണ്ടി വന്നപ്പോൾ 2 കള്ളന്മാരുടെ നടുവിൽ ക്രൂശിക്കപ്പെട്ട യേശുവിനെ ഓർത്തു.

രണ്ട് ദിവസങ്ങൾക്ക് ശേഷം ദൈവജനത്തിന്റെ ശക്തമായ പ്രാർത്ഥനയാലും ഇതി ഒരു വാർയായിരുന്നതിനാലും സാർ ചക്രവർത്തിയുടെ മന്ത്രിസഭ, സൈബീരിയയിലേയ്ക്കുള്ള നാടുകടത്തൽ എന്ന വിഷയം മാറ്റിയിട്ട്, റഷ്യയിൽ നിന്നും പറത്തു പോകുവാൻ 10 ദിവസം അവധി കൊടുത്തു. ആ പത്തു ദിവസങ്ങളിൽ നിശ്ചയിക്കപ്പെട്ട 10 ഉണർവ്വുയോഗങ്ങളുണ്ടായിരുന്നു. ആ യോഗങ്ങളിൽ 500 ഉന്നതന്മാർ മാനസാന്തരപ്പെട്ട് ക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചു. സ്വീഡിഷ് ഗവൺമെന്റിലുള്ള ഇവാഞ്ചലിക്കൽ നേതാക്കന്മാർ തന്റെ പ്രവാസകാലം സ്വീഡണിൽ കഴിയുവാൻ കുടുംബമായി തന്നെ ക്ഷണിച്ചു. ❖

(2-ാംപേജിന്റെ തുടർച്ച)

ബയ്സിൽ മാലോഫ് കിഴക്കൻ യൂറോപ്പിലേയ്ക്ക് ഒരു അപ്പോസ്തലൻ

ഈ ഭാരമുള്ള അവസ്ഥയിൽ നീ എന്നെ സ്തുതിക്കണം.

എനിക്ക് എങ്ങനെ കഴിയും അവൾ ചോദിച്ചു അവൾ ആ പദം ആവർത്തിച്ചു. സ്തുതിക്ക എന്നാൽ അവളുടെ ഹൃദയം പ്രതികരിച്ചില്ല. അവൾ പറഞ്ഞു, കർത്താവേ സ്തുതിക്കാനുള്ള ആത്മാവിനെ അങ്ങ് എനിക്ക് തന്നാൽ ഞാൻ അങ്ങയെ സ്തുതിക്കും.

ഒരു നിമിഷം അവൾ ദൈവത്തിന്റെ സ്തുതികളാൽ നിറഞ്ഞു.

അവൾ ഇപ്പോൾ ബേസിലിനോടു കൂടെയാണ്. സന്തോഷത്തോടെ അവൾ പാടി സന്തോഷത്തോടെ അവൻ വിശ്വസിച്ചു തന്റെ ഓടിപ്പോക്കിന് പ്രത്യേകമായ ദൈവോദ്ദേശമുണ്ടായിരുന്നു എന്ന്. ദൈവത്തെ സ്തുതിക്കുവാനുള്ള ഹൃദയം ദൈവം തനിക്ക് കൊടുത്തു. ഇരുൾ മാറ്റപ്പെട്ടു. പെട്ടെന്ന് ഒരു അത്ഭുതം നടന്നു, പുതിയതും ശക്തവുമായൊരു വാതിൽ ശുശ്രൂഷയിൽ ദൈവം തുറന്നു.

പുതിയ തുറക്കപ്പെട്ടവാതിൽ

ഇവാൻ യാക്കോവ്ലേവിച്ച് ഉർലൗബ് റഷ്യയിലുള്ള ഒരു പഴയകൂട്ടുകാരൻ മാലോഫിന്റെ അടുക്കൽ വന്നു ഒരു വേദനപ്പെടുത്തുന്ന അനുഗ്രഹിക്കപ്പെട്ട ഒരു വാർത്ത പറഞ്ഞു. കിഴക്കു ഭാഗത്തു നടന്ന ഒരു യുദ്ധത്തിൽ ഒരു ലക്ഷം റഷ്യൻ പടയാളികളെ ജർമ്മൻകാർ പിടിച്ചു കൊണ്ടുപോയി. ഒന്നാം ലോകമഹായുദ്ധം പൊട്ടിപുറപ്പെട്ടു. മുഴുയൂറോപ്പിലും പെട്ടെന്നുള്ള ഉയർച്ചയുണ്ടായി.

അധികം താമസിയാതെ പാസ്റ്റർ മാലോഫ്, താൻ ദൈവത്തിൽ നിന്നും കേട്ടതിനെക്കാളും ദാരുണമായ വാർത്ത റഷ്യക്കാരെക്കുറിച്ച് കേട്ടു. ആ വാർത്ത ഇങ്ങനെയായിരുന്നു, റഷ്യയിലുള്ള കൂട്ടായ്മയിൽ നിന്നും അവർ നിന്നെ പുറത്താക്കി. ഇപ്പോൾ ഒരു സമൂഹത്തെ റഷ്യയിൽ നിന്നും ജർമ്മനിയിൽ നിന്റെ കയ്യിൽ തരും. രണ്ടര മില്യൻ ആളുകളുള്ള റഷ്യയുടെ തലസ്ഥാന നഗരിയിലാണ് മാലോഫ് പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള രണ്ടര മില്യൻ തടവുകാരോട് ശുശ്രൂഷിപ്പാനുള്ള അവസരമാണ് മാലോഫിന് കൈവന്നിരിക്കുന്നത്. വടക്കൻ പ്രവിശ്യയിൽ നിന്നും ആർച്ചേഞ്ചൽസ്ക്ക്സ് വൊലോഗ്ഡ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും തെക്ക് കൗസേഡസ്, ക്രിമേയ ടർക്കിസ്ഥാൻ എന്നിവിടങ്ങളിൽ നിന്നും പടിഞ്ഞാറ് പോളന്റ് മുതൽ വ്ലാഡിവോസ്റ്റോക്ക് കംചാട്ക എന്നീദേശങ്ങൾ വരെയും ഉള്ള ദേശങ്ങളിൽ നിന്നും അവർ വന്നു. പോളോസ് ലാത്വിയൻസ്, ടർട്ടാസ്, ടർക്കിസ്ഥാനിസ്, ഉക്രോനി.യൻസ്, യഹൂദന്മാർ തുടങ്ങി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള രണ്ടര മില്യൻ ആളുകളാണ് യുദ്ധത്തിൽ പിടിക്കപ്പെട്ടവരായിട്ടുള്ളത്.

ഇത്രയും ആളുകളെ സുവിശേഷീകരിക്കണം. ഈ തടവുകാരുടെ ഭൗതികവും ആത്മീകവുമായ വിഷമഘട്ടത്തിൽ മാലോഫ് ശുശ്രൂഷിക്കണമായിരുന്നു. തന്റെ ചിന്തകളെ അമേരിക്കൻ ചിന്തകളാക്കി. തന്റെ രാജ്യക്കാരായ യുദ്ധത്തടവുകാരെ അവരുടെ താവളങ്ങളിൽ ശുശ്രൂഷകൾ സൗകര്യപ്പെടുത്തുവാൻ മാലോഫ് ആഗ്രഹിച്ചു.

അമേരിക്കയിൽ എത്തിച്ചേരുന്നു.

1915 ഏപ്രിൽ മാസത്തിൽ മാലോഫ് തന്റെ ഭാര്യ ബാർ ബറമകൻ ഡാനിയേൽ എന്നിവരോടുകൂടെ ന്യൂയോർക്കിൽ എത്തിച്ചേർന്നു. ന്യൂസ് പേപ്പർ തന്നെ വരവിനെ പരസ്യപ്പെടുത്തി. ചിലമണിക്കൂറുകൾക്കു ശേഷം ന്യൂയോർക്കിലുള്ള ബാപ്റ്റിസ്റ്റ് ഹോം മിഷൻ സൊസൈറ്റിയുടെ ഹെഡ് ക്വാർട്ടേഴ്സിൽ മാലോഫ് എത്തിച്ചേർന്നു. നോർത്ത് അമേരിക്കയുടെ റഷ്യൻ ഡിപ്പാർട്ട്മെന്റിന്റെ സൂപ്രണ്ടായിരിക്കുവാൻ പാസ്റ്റർ മാലോഫ് ക്ഷണിക്കപ്പെട്ടു. പെട്ടെന്ന് റഷ്യൻ സമൂഹങ്ങളെ സുവിശേഷീകരിക്കുവാനുള്ള തീവ്ര പരിപാടിയിൽ താൻ ഏർപ്പെട്ടു. ആത്മാക്കൾ രക്ഷിക്കപ്പെട്ടു. അധികെ താമസിയാതെ റഷ്യൻ - ഉക്രേനിയൻ ബാപ്റ്റിസ്റ്റ് യൂണിയൻ അമേരിക്ക എന്ന കൂട്ടായ്മയ്ക്ക് താൻ അടിസ്ഥാനമിട്ടു. താമസിയാതെ തെക്കും വടക്കും ഉള്ള ബാപ്റ്റിസ്റ്റ് സഭകളുടെ വാർഷിക കൺവെൻഷനിൽ സംസാരിക്കുവാനിടയായി. മാലോഫ് ക്ഷണിക്കപ്പെട്ടു. ഈ അവസരം തന്റെ ജനമായ റഷ്യൻ യുദ്ധത്തടവുകാരുടെയിടയിൽ ഇഷ്ടാനുസരണം പ്രവർത്തിപ്പാനുള്ള വിശാലമായ വാതിലുകൾ തനിക്ക് തുറക്കപ്പെട്ടു. 1916 ഫെബ്രുവരി അന്ന് 2 മില്യണിലധികം കോപ്പികളുണ്ടായിരുന്ന ക്രിസ്റ്റ്യൻ ഹെറാൾഡ് എന്ന മാസികയുടെ പ്രസിഡന്റിന്റെയും ചീഫ് എഡിറ്ററുടെയും സഹായത്താൽ ഒരു കമ്മിറ്റി രൂപീകരിക്കപ്പെട്ടു. ന്യൂയോർക്കിലെ പ്രസ്ബിറ്റേറിയൻ സഭയിൽ നിന്നും ശേഖരിച്ച 3000 ഡോളർ വേലയ്ക്ക് സഹായമായി നൽകപ്പെട്ടു. വിവിധ സഭകളിൽ നിന്നും വളരെ വേഗത്തിൽ 1,20,000 ഡോളർ തന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി ശേഖരിക്കപ്പെട്ടു.

സ്പർജൻ, മൂഡി, ഹാൾഡിമാൻ, റ്റോറി, എഫ്.ബി.മേയർ തുടങ്ങിയ ദൈവദാസന്മാർ ബാർബറ മാലോഫിനെ കൊണ്ട് സുവിശേഷ ലഘുലേഖകൾ റഷ്യൻ ഭാഷയിലേക്ക് തർജ്ജമ ചെയ്യിച്ചു ബാപ്റ്റിസ്റ്റ് ട്രാക്ക് ആന്റ് പബ്ളിക്കേഷൻ സൊസൈറ്റി അതിനെ പ്രസിദ്ധീകരിച്ചു. പതിനായിരക്കണക്കിന് ട്രാക്റ്റുകൾ അച്ചടിക്കപ്പെട്ടു. ആയിരക്കണക്കിനും പുതിയനിയമങ്ങളും ലഘുലേഖകളും വിതരണം ചെയ്യുവാൻ ആളുകളും ക്രമീകരിക്കപ്പെട്ടു. ബാപ്റ്റിസ്റ്റുകാരും റഷ്യൻ ഭാഷ അറിയാവുന്ന ജർമ്മൻകാരും ദൗത്യത്തിന് തയ്യാറായി. റഷ്യൻ തടവുകാർക്ക് ജർമ്മൻ ഭാഷവശമുണ്ടായിരുന്നില്ല, എന്നാൽ അവരുടെ സ്വന്തം ഭാഷയിൽ ദൈവവചനം അവർക്കു കിട്ടി.

ദൈവത്തിന്റെ കരം അതിനായി ചലിയ്ക്കപ്പെട്ടു. 30,000-ൽ അധികം പേർ മാനസാന്തരപ്പെട്ടു. മാലോഫിന് കിട്ടിയ ഒരു റിപ്പോർട്ടനുസരിച്ചു 5000 പേർ ഉള്ള ഒരു ക്യാമ്പിൽ നിന്നും 872 പുരുഷന്മാർ മാനസാന്തപ്പെട്ട് സ്നാനപ്പെട്ട് തങ്ങളുടെ വിശ്വാസം ഏറ്റു പറഞ്ഞു. അങ്ങനെ പുതിയ നിയമ വിശ്വാസത്തിലുള്ള ആദ്യത്തെ ബാപ്റ്റിസ്റ്റ് സഭ തടവുകാരുടെ ക്യാപിൽ സ്ഥാപിതമായി.

1918-ലെ വെർസെയിൽസിലുള്ള സമാധാന ഉടമ്പടി വഴി യുദ്ധത്തടവുകാർക്ക് സ്വന്തം വീടുകളിലേക്ക് പോകാൻ അവസരമൊരുക്കി. ദൈവത്തിന്റെ വിശ്വസ്ത ദാസൻ അവസരങ്ങൾ ഒന്നും നഷ്ടമാക്കാതെ ഓരോ നിമിഷവും ദർശനത്തോടും പ്രാർത്ഥനയോടും വേല ചെയ്തു. ഇപ്പോൾ ദൈവത്തോടുള്ള പ്രാർത്ഥന എന്നത്, പ്രിയ ദൈവമേ, ഈ എല്ലാ യുവാ മാനസാന്തരികളെയും അവരുടെ പട്ടണങ്ങളിലേയ്ക്ക് വില്ലേജുകളിലേയ്ക്ക് സുവിശേഷപ്രതികളുമായി പോകുന്നു എന്ന നിലയിൽ അവരുടെ സ്നേഹിതരുടെയും അയൽവാസികളുടെയും മാനസാന്തരത്തിന് ശക്തമായി ഉപയോഗിക്കേണമേ.

❖

(1-ാം പേജിന്റെ തുടർച്ച)

ക്രിസ്തീയ ജീവിതത്തിന്റെ പ്രേരകശക്തി

ത്ഥതയോടും, ഉന്നതഭാവത്തോടും കൂടെയാണ്. എന്നാൽ അപ്പോസ്തലപ്രവർത്തികളുടെ ആദ്യപേജ് നൽകുന്നത് മറ്റൊരു ചിത്രമാണ്. ന്യായവിധിയുടെ മുറിക്കും പട്ടണത്തിന്റെ തെരുവിനും ഇടയ്ക്ക് എന്തോ സംഭവിച്ചിരിക്കുന്നു.

അടഞ്ഞിരിക്കുന്ന കല്ലറ വാതിലിനു പുരത്തായിരുന്ന യഹൂദപടയാളി യേശുവിന്റെ ഉയിർത്തെഴുന്നേല്പിനാൽ ഭയന്നു വിറയ്ക്കുകയാണ്. എന്നാൽ പെന്തെക്കോസ്തു നാളിൽ അവർ യേശുവിനെ പ്രസംഗിക്കയും യേശുവിന്റെ സ്നേഹവും മരണ പുനരുത്ഥാനങ്ങളുടെ പ്രാധാന്യവും ന്യായാധിപന്മാരുടെ ഹൃദയങ്ങളിൽ പകർന്നുകൊടുക്കുകയാണ്. പെന്തെക്കോസ്തു അവരെ ആകമാനം രൂപാന്തരപ്പെടുത്തുകയാണ്.

ഭയത്തിന് പകരം സന്തോഷത്തെയും, വിറയലിനു പകരം വിജയാഹ്ലാദത്തിന്റെ ശക്തിയെയും പെന്തെക്കോസ്തു പകർന്നിട്ട് അതിന്റെ നിറവുകൾ പൂർണ്ണമായ വ്യത്യാസത്തെ പകരുന്നു. അവ ഭയരഹിതവും ഉല്ലാസഭരിതവുമാണ്. ഇതാണ് പെന്തെക്കോസ്തു ഉണ്ടാക്കിത്തരുന്നത്.

ഏതു മാനദണ്ഡത്തിൽ നാം അളക്കണം?

എങ്ങനെയാണ് നാം വെല്ലുവിളി ഏറ്റെടുക്കുന്നത്? പെന്തെക്കോസ്തിന്റെ നിറവിന്റെ മാനദണ്ഡത്തിലാണോ നാം അതിനെ അളക്കുന്നത്? സ്വാർഗ്ഗീയ കാര്യങ്ങളെ സംബന്ധിച്ച് നമ്മുടെ ഉറപ്പ് എത്രത്തോളമാണ്? പരിശുദ്ധാത്മാവിനെ അറിയുമ്പോൾ ധാരാളം അനിശ്ചിതത്വങ്ങൾ മാറിപ്പോകും.

പാപത്തെ ജയിക്കുന്ന ദൈവശക്തി നമ്മിലുണ്ടോ? സത്യത്തിന്റെ ആത്മാവ് വിശുദ്ധിയുടെയും ആത്മാവാണ്. അവൻ നമ്മെ ആത്മാവിൽ വിശുദ്ധീകരിക്കുന്നു.പെന്തെക്കോസ്തിന്റെ ദിവസം നമ്മുടെ ജഡിക സ്വഭാവത്തിന് വ്യത്യാസം വന്നു. അഹങ്കാരം താഴ്മയ്ക്ക് വഴി മാറി, സ്വാർത്ഥതയ്ക്കു പകരം സ്നേഹം ഉണ്ടായി, ഭയത്തിനു പകരം ധൈര്യമുണ്ടായി. അത് ഹൃദയത്തെ രൂപാന്തരപ്പെടുത്തി. ജീവിതങ്ങളെ രൂപാന്തരപ്പെടുത്തി.

വിജയം നിറവിനാൽ വരുന്നു. പാപത്തിന്മേൽ ജയമെടുക്കുന്ന സന്തോഷം നമ്മിലുണ്ടോ? ഒരു സാധാരണ വിശ്വാസിക്ക് ആത്മനിറവുള്ള വ്യക്തിയുടെ നിലവാരവുമായി പരിശോധിച്ചാൽ ജയം വരിക്കുവാൻ കഴിയുമോ? ലോകസ്നേഹം എങ്ങനെയിരിക്കുന്നു? യേശു പറഞ്ഞു, ലോകം അവനെ കാണുകയോ അറികയോ ചെയ്യായ്കയാൽ അതിന്, അവനെ ലഭിപ്പാൻ കഴികയില്ല ” (യോഹ. 14:17). അവർ ദൈവത്തോട് നിരപ്പ് പ്രാപിച്ചിട്ടില്ലാത്തവരാണ്.

വേർപാടിന്റെ ഉപദേശത്തിൽ എന്താണ് കാണുന്നത്? വിശ്വാസികൾ ആത്മാവിൽ നിറയപ്പെടുമ്പോൾ ലോകത്തിന്റെ ഇമ്പങ്ങളെ പിൻതുടരുവാൻ അവർക്ക് കഴിയുമോ? ലോകത്തിനു അത് ഒരു കളിവാക്കാണെങ്കിലും ദാഹമുള്ളവർക്ക് അത് പ്രാപിക്കുവാൻ കഴിയുമല്ലോ.

സേവനത്തിനുള്ള ശക്തി

നാം പരാജയപ്പെടുന്നത് പുറമേയുള്ള പ്രയാസങ്ങളാലാണോ? അതേ അകമെയുള്ള ബലഹീനതകളാലാണോ? പ്രവർത്തകരെക്കുറിച്ച് ചിന്തിക്കാം. വിശാലതകളും പ്രവർത്തനത്തിലുള്ള അവരുടെ വ്യത്യസ്തതകളും, വിശ്വസ്തതകളും, വേലയിലുള്ള അവരുടെ അശ്രദ്ധയും, എല്ലാം വ്യക്തമായ പ്രതികരണങ്ങൾ ഉളവാക്കുന്നവയാണ്. എന്ത് വിധത്തിലുള്ള സ്വാധീനമാണ് സഭ ആളുകളുടെമേൽ ചെയ്യുന്നത്. അവരുടെ പാപത്തിൽ നിന്നും അവരെ രക്ഷിക്കുവാനായി നമ്മിലുള്ള പദ്ധതികൾ ഏതൊക്കെയാണ്? മാനസാന്തരപ്പെടുന്നവരുടെ എണ്ണം കുറയുന്നത് എന്തുകൊണ്ടാണ്? പെന്തെക്കോസ്തു ഉണർവിന് കാരണമാവുന്നു. കുറ്റബോധമുണ്ടാക്കുന്നു, മാനസാന്തരമുണ്ടാക്കുന്നു, ആളുകളെ സ്നാനത്തിലേക്ക് നയിക്കുന്നു. ആത്മാവിന്റെ വരം എന്ന് പറയുന്നത് ശക്തിയുടെ വരം ആണ്. ശക്തിയില്ലായ്മ എന്നത് അകമേ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ അളവിൽ വന്നിട്ടുള്ള കുറവാണ് (ലൂക്കോ. 24:49, അ.പ്ര.1:8). ദൈവത്തിന്റെ നിറവുകൾ സന്തോഷത്തിന്റെ കവിഞ്ഞൊഴുക്കുകൾ ആകുന്നു. സന്തോഷവും സാക്ഷ്യവും ത്യാഗവും അവിടെയുണ്ടാകുന്നു.

വരണ്ട ദേശത്തേയ്ക്കുള്ള വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാഹങ്ങൾ

സംശയമില്ലാത്ത കാര്യം എന്നത് സഭകൾക്ക് ഇന്ന് പെന്തെക്കോസ്തുനിറവ് അത്യാവശ്യമായിരിക്കുന്നു എന്നാണ് (യെശ.44:3) ഒഴുക്കുകൾ എല്ലാവിധ മാലിന്യങ്ങളെയും ഇല്ലാതാക്കുന്നു, താഴ്വരകളെ പുഷ്ടിയുള്ളതാക്കുന്നു, മരുഭൂമിയെ ഫലപുഷ്ടമാക്കുന്നു. ദൈവത്തിന്റെ വേല പരിശുദ്ധാത്മാവിന്റെ ശക്തിയില്ലാതെ പൂർത്തീകരിക്കാൻ പ്രയാസമാണ്. “ ചോദിക്കുന്ന ഏവരുടെ മേലും പകരപ്പെടുവാൻ പരിശുദ്ധാത്മാവ് കാത്തിരിക്കുന്നു” (യോഹ. 7:37-39, ലൂ. 11:1-13).

ഓരോ വിശ്വാസിയും ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നിറയപ്പെടണം എന്നുള്ളത് ദൈവത്തിന്റെ ഇഷ്ടമാണ്. പരിശുദ്ധാത്മാവിനാൽ നിറഞ്ഞു കവിയുക, സകലത്തിന്മേലും പരിശുദ്ധാത്മാവിനാൽ ജയമെടുക്കുന്നു. എന്തു തടസങ്ങളാണ് പരിശുദ്ധാത്മാവിന്റെ മുന്നിലുള്ളത്? അനുഗ്രഹം എല്ലാവർക്കും വേണ്ടിയുള്ളതാണ്. ഇപ്പോൾ എല്ലാവർക്കും (എഫെ. 5:18).

വ്യവസ്ഥകൾ വളരെ ലളിതമാണ്. വ്യത്യാസം വരുത്തുവാൻ കഴിയാത്തതാണ്. സാർവ്വലൗകികമാണ്. ദൈവം തന്റെ സാധാരണജനത്തെ അസാധാരണശക്തികൊണ്ട് നിറയ്ക്കുന്നു. ഭയപ്പെടുത്തുന്ന വിശ്വാസത്തിൽ നിന്നും ഉയിർത്തെഴുന്നേല്പിന്റെ പ്രത്യാശയിലേക്ക് നടത്തുന്നു. എങ്ങനെയാണത്? പത്രോസിനോടും യാക്കോബിനോടും യോഹന്നാനോടും ചോദിക്കൂ. അവർ യേശുക്രിസ്തുവിനും പെന്തെക്കോസ്തിനും ആഴമായി ബന്ധപ്പെട്ടിരിക്കുന്നു. അവർ ക്രിസ്തുവിനുവേണ്ടി എല്ലാം വിട്ടു, എന്നാൽ അവർ പെന്തെക്കോസ്തു അനുഭവമില്ലാതിരുന്ന ഒരു സമൂഹമായിരുന്നു. അവർ കർത്താവായ യേശുവിൽ വിശ്വസിച്ചു. യേശുവിന്റെ മരണപുനരുത്ഥാനങ്ങൾക്ക് സാക്ഷ്യം വഹിച്ചു, എന്നാൽ പെന്തെക്കോസ്തു അനുഭവം ഇല്ലാതെ അവർ വേലചെയ്തു. കാര്യവിചാരകന്മാർ, പ്രസംഗകർ, സുവിശേഷകന്മാർ, അത്ഭുതത്തിന്റെ വേലക്കാർ പെന്തെക്കോസ്തില്ലാതെ ഒടുവിൽ അവർ ആത്മാവിന്റെ വാഗ്ദത്തത്തെക്കുറിച്ചു കേട്ടു, അത് അവകാശമാക്കുവാൻ ശ്രമിച്ചു. കാത്തിരുന്നു. പ്രാർത്ഥിച്ചു ദൈവത്തിന്റെ വചനപ്രകാരം ആത്മാവു വന്നു. അവരെല്ലാവരും ആത്മാവിൽ നിറഞ്ഞു (ലൂക്കോ. 24:48-53; അ.പ്ര. 1:4-5; 13-14; അ.പ്ര.2). ❖

(3-ാം പേജിന്റെ തുടർച്ച)

സേവനത്തിന്റെ പാഠം

പൂർണ്ണഹൃദയത്തോടും സേവനത്തിനുവേണ്ടിയുള്ള ഒരുക്കം നമുക്ക് അത്യാവശ്യമാണ്. നമ്മുടെ മനോഭാവത്തിൽ നിന്നും നാം ചെയ്യുന്ന ദൗത്യം ഒരു പക്ഷേ മറ്റുള്ളവർക്ക് ഒരു നിസാര കാര്യമായിരിക്കാം. എന്നാൽ കൊടുക്കുക എന്നത് ഏറ്റവും വലിയ അംഗീകാരമാണ് അഥവാ സന്തോഷത്തോടെ ചെയ്യുന്നത് അനുഗ്ര

(ശേഷം 8-ാംപേജിൽ)

പരമപ്രധാനമായ ഏഴു ചോദ്യങ്ങൾ

By Oswald J. Smith (1889 - 1986)

പരമപ്രധാനമായ ഏഴു ചോദ്യങ്ങളെ ഓരോ വിശ്വാസിയും അഭിമുഖീകരിക്കേണ്ടതുണ്ട്. അവയെ അവഗണിക്കുന്നത് ആത്മീയ ജീവിതത്തിന് അപകടകരമാണ്. അവയെ നമുക്ക് പരിശോധിക്കാം. എന്നിട്ട് ഓരോന്നിനും വിശ്വസ്തമായും നല്ല മനസ്സോടെയും ഉത്തരം കണ്ടെത്തുവാൻ ദൈവം സഹായിക്കട്ടെ.

1. ഏതെങ്കിലും പാപത്തിന് ഞാൻ അടമിയാണോ?

“ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നു എങ്കിൽ കർത്താവ് കേൾക്കയില്ലായിരുന്നു” (സങ്കീ. 66:18). ഞാൻ പറയുന്നത് എന്ത് എന്ന് അവിടുന്ന് കേൾക്കയില്ല ഞാൻ പാപത്തിൽ ജീവിക്കുമ്പോൾ എന്റെ പ്രാർത്ഥനയ്ക്ക് മറുപടി ഉണ്ടാകയില്ല.

ശ്രദ്ധിക്കുക, എബ്രാ. 12:1-ൽ വായിക്കുന്ന മുറുകെപ്പറ്റുന്ന പാപം നിങ്ങളിൽ വസിക്കുന്നു എങ്കിൽ ആ വ്യക്തി തുടർച്ചയായി താൻ സമർപ്പിച്ചിരിക്കുന്ന പാപം ചെയ്തുകൊണ്ടേയിരിക്കും. അത് ഒരു ഭാരമായി, വിഗ്രഹമായി ജീവിതത്തിൽ ശേഷിക്കും. അതിനെ ഉപേക്ഷിക്കേണ്ടത് ആവശ്യമാണ്.

“ നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്ക് മറയ്ക്കുമാറാക്കിയത് ” (യെശ. 59:2). പാപം അകറ്റുന്നു. പാപം ദൈവത്തിന്റെയും മുഖം മറയ്ക്കുമാറാക്കുന്നു. പാപം ഉള്ളേടത്ത് കൂട്ടായ്മയില്ല.

“ ....കർത്താവിന്റെ നാമം ഉച്ചരിക്കുന്നവൻ എല്ലാം അനീതി വിട്ടകന്നുകൊള്ളട്ടെ എന്നും ആകുന്നു അതിന്റെ മുദ്ര ” (2തിമൊ. 2:19).

അത് ദൈവത്തിന്റെ കല്പനയാണ്. ദൈവത്താൽ അംഗീകരിക്കപ്പെട്ടവരാണ് നാം എങ്കിൽ മുറുകെപ്പറ്റുന്ന പാപങ്ങളെ വിട്ടുകളയേണ്ടതാണ്. അതേ, അങ്ങനെയെങ്കിൽ തെറ്റായ എല്ലാറ്റിൽ നിന്നും, പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്ന എല്ലാറ്റിനെയും വിട്ടുതിരിയേണ്ടതാണ്. നമ്മുടെ ജീവിതത്തിൽ നിന്നും അവയെ അകറ്റികളയണം. പാപത്തിന് വിരാമം ഇടുന്നതുവരെ ക്രിസ്തീയ ജീവിതത്തിൽ ഒരു ഉയർച്ച ഉണ്ടാകുകയില്ല.

പാപം വഴിയിലെ കല്ലുപോലെയാണ്. അവ നമ്മെ തള്ളിയിടും. പാപത്തിൽ പിന്നെയും തുടരുന്നു എങ്കിൽ അത് വീണ്ടും നമ്മെ അടിമപ്പെടുത്തും. പാപത്തോടുള്ള ആഗ്രഹം നമ്മെ ഒരിക്കലും രക്ഷപ്പെടുവാൻ കഴിയാത്ത കുരുക്കിൽ അകപ്പെടുത്തും. പാപത്തെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഒരുവന് ക്രിസ്തീയ ജീവിതത്തിന്റെ സന്തോഷത്തിലേയ്ക്ക് ഒരിക്കലും മടങ്ങിവരുവാൻ സാദ്ധ്യമല്ല എന്നതാണ് സത്യം.

അതുകൊണ്ട് പാപത്തോട് വിടപറയാം. അതിന്റെ എല്ലാ ബന്ധങ്ങളെയും വിട്ടുകളയാം. “ എന്നാൽ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും” (ഫിലി. 4:7). “ പാപത്തെ വിട്ടുതിരിയുന്നില്ലെങ്കിൽ അത് നമ്മെ നശിപ്പിക്കും. സൽബുദ്ധിയിൽ രഞ്ജനമുണ്ടാകുന്നു; ദ്രോഹിയുടെ വഴിയോ ദുർഘടം ” (സദൃശ. 13:15).

പ്രിയസ്നേഹിതാ, യേശുവിനെ ഓർക്കുക. യേശുവിനെ സകല വിലങ്ങുകളെയും പൊട്ടിക്കുവാൻ കഴിയും. യേശുവിന് സകല ബന്ധനസ്ഥരെയും സ്വതന്ത്രമാക്കുവാൻ കഴിയും. നിങ്ങളെ അവിടുത്തേയ്ക്ക് വിടുവിപ്പാൻ കഴിയും. നിങ്ങളുടെ ഏതു പാപത്തിന്റെ ബന്ധനത്തിൽ നിന്നും വിടുവിപ്പാൻ കഴിയും. രക്ഷിപ്പാൻ മാത്രമല്ല നിങ്ങളെ സംരക്ഷിപ്പാനും കഴിയും. നിങ്ങളുടെ ഉള്ളിൽ പകരുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മുറുകെപ്പറ്റുന്ന ഏതു പാപത്തെയും ജയിക്കാൻ കഴിയും. ജയിക്കുന്നവനായിരിക്കുവാൻ അത് നിങ്ങളെ ശക്തീകരിക്കും.

2. ദൈവത്തിന്റെ ഇഷ്ടത്തിന് അനുസരണമുള്ളവനായിട്ടാണോ ഞാൻ ജീവിക്കുന്നത്?

“ ...നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിന് സമർപ്പിച്ചു കൊൾവിൻ” (റോമർ. 6:13). ഞാൻ പൂർണ്ണമായി സമർപ്പിച്ചിട്ടുണ്ടോ? ഞാൻ അങ്ങനെ പാടുന്നു ഞാൻ അറിയുന്നു. വീണ്ടും വീണ്ടും ഞാൻ അവകാശപ്പെടുന്നത്, എന്റെ വഴികൾ അങ്ങേയുടെതാണ് കർത്താവേ, എന്നാൽ ശരിയായ അർത്ഥത്തിലാണോ ഞാൻ പാടുന്നത്. ദൈവം പറയുന്ന വഴിയിലാണോ ഞാൻ നടക്കുന്നത്? അതോ ഇപ്പോഴും ഞാൻ എന്റെ സ്വന്തം വഴികളാണോ ആഗ്രഹിക്കുന്നത്. ക്രിസ്തുവിനു പകരം എന്റെ സ്വയത്തിലാണോ ഞാൻ ആശ്രയിക്കുന്നത്? വാസ്തവമായി കർത്താവ് നമ്മുടെ ജീവിതത്തിന്റെ കർത്താവാണോ?

ദൈവത്തിനുവേണ്ടത് അനുസരണമുള്ള മക്കളെയാണ്. സ്വന്ത ഇഷ്ടപ്രകാരം ജീവിക്കുന്നവരെ ദൈവത്തിന് ഉപയോഗിക്കാൻ സാദ്ധ്യമല്ല.....“ അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസിനെക്കാളും നല്ലത് ” (1ശാമു. 15:22). മത്സരം സമൂഹത്തിൽ ആപത്തിന് കാരണമാവുന്നു. വിശ്വസ്തത അത്യാവശ്യമാണ്. അബദ്ധങ്ങൾ അംഗീകരിക്കപ്പെടും, തെറ്റുകൾ പരിഹരിക്കപ്പെടും. എന്നാൽ അവിശ്വസ്തത ഒരിക്കലും സഹിക്കപ്പെടുകയില്ല.

ദൈവത്താൽ നാം ഉപയോഗിക്കപ്പെടമെങ്കിൽ നാം അനുസരണമുള്ളവരായിരിക്കണം. ദൈവം പറഞ്ഞയയ്ക്കുന്നിടത്തു നാം പോകാൻ തയ്യാറുള്ളവരായിരിക്കണം. അത് നമ്മുടെ വഴികൾക്ക് പകരം ദൈവത്തിന്റെ വഴികൾ തന്നെയായിരിക്കണം. നാം നമ്മെ യഥാർത്ഥമായി ദൈവത്തിനു സമർപ്പിക്കുമ്പോൾ തന്റെ പദ്ധതികൾ നമ്മുടെ പദ്ധതികളായിത്തീരുമ്പോൾ അത് ദൈവത്തിന്റെ മഹത്വത്തിന് കാരണമാവുകയും നാം അനുഗ്രഹിക്കപ്പെടുകയും ചെയ്യും.

ദൈവത്തെ നാം ഒരിക്കലും ഒരു കഠിന യജമാനനായി കാണരുത്. നമ്മെ പരഹസിക്കുന്ന ഒരുത്തനെ ഒരിക്കലും നാം അനുസരിക്കേണ്ട ആവശ്യമില്ല. പക്ഷേ കർത്താവും നമ്മുടെ പിതാവാണ്. അവിടുന്ന് നമ്മെ സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേയ്ക്ക് നമ്മെ നടത്തുന്നു. നാം ദൈവത്തെ മഹത്വപ്പെടുത്തുമാറ് നമ്മുടെ ഹൃദയത്തിലെ ആഗ്രഹങ്ങളെ അവിടുന്ന് നമുക്ക് നൽകുന്നു. നാം അവനുള്ളവരാണ്. നമ്മുടെ ദേഹവും, ദേഹിയും ആത്മാവും അവിടുത്തേതാണ്. അവിടുന്ന് ചോദിക്കുന്നു നാം നമ്മെ അവിടുത്തേയ്ക്ക് കൊടുക്കുന്നു.

3. ഞാൻ ഓരോ ദിവസവും പ്രാർത്ഥനയിൽ സമയം ചെലവഴിക്കുന്നുവോ?

പ്രാർത്ഥനയില്ലാതം ഒരുത്തനും വിജയിക്കാൻ സാദ്ധ്യമല്ല. പ്രാർത്ഥനയില്ലാത്ത ഒരു വ്യക്തിയാണ് നിങ്ങൾ എങ്കിൽ നിങ്ങൾ ഒരു ബലഹീനനാണ്. “കർത്താവിനെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും”. പ്രാർത്ഥനാ ജീവിതമുള്ള ഒരു വ്യക്തിയാണ് നിങ്ങൾ എങ്കിൽ പിശാചുമായി ഒരു തുറന്ന യുദ്ധത്തിന് തയ്യാറായിരിക്കയാണ്. യേശു പ്രാർത്ഥിച്ചു. രാത്രി മുഴുവൻ ദൈവത്താൽ ഉപയോഗിക്കപ്പെട്ട പുരുഷന്മാരും സ്ത്രീകളും പ്രാർത്ഥിച്ചു.

അതുകൊണ്ട് എന്നോടുതന്നെ ഞാൻ ആ ചോദ്യം ചോദിക്കുന്നു, ഞാൻ പ്രാർത്ഥിക്കുന്നുവോ? ആ ബന്ധം ഞാൻ

(ശേഷം 8-ാംപേജിൽ)

(4-ാംപേജിന്റെ തുടർച്ച)

ഗൗരവതരമായ ജീവിതം

കന്റെ ജോലി ഉത്തരവാദിത്വമുള്ളതാണ്. അത് ദൈവത്തിന് മഹത്വമുണ്ടാക്കുന്നതായി രിക്കണം. മരം, പുല്ല്, വയ്ക്കോൽ എന്നിവ കൊണ്ടുള്ള പണിയാണെങ്കിൽ അത് നന്നായിരിക്കില്ല. സണ്ടേ സ്കൂൾ അദ്ധ്യാപകനാണെങ്കിൽ കൂടെ ആ സത്യം യാഥാർത്ഥ്യമാണ്. അവനും ദൈവത്തിന്റെ കെട്ടിടത്തിന്റെ പണിക്കാരനാണ് പ്രധാന പാഠങ്ങളെ അവഗണിക്കുകയും ആവശ്യമില്ലാത്തതിനെ പഠിപ്പിക്കയും ചെയ് താൽ എങ്ങനെയാണ് ആ കുഞ്ഞുങ്ങൾ ഉപയോഗമുള്ളവരായി വളരുക?

(ശേഷം അടുത്ത ലക്കം)

(6-ാംപേജിന്റെ തുടർച്ച)

സേവനത്തിന്റെ പാഠം

ഹവുമാണ്. നാം ചെയ്യുന്ന ജോലി നമ്മുടെ ചിന്താഗതിയിൽ ഏറ്റവും ചെറുതായിരിക്കാം, എന്നാൽ അതൊരു ശുശ്രൂഷയാണ്. അതിന് വലിയ പ്രതിഫലമുണ്ട്.

കർത്താവായ യേശുക്രിസ്തുവിന്റെ പഠിപ്പിക്കലിൽ അത് നമ്മുടെ ഉത്തരവാദിത്വമാണ്. അതിന് നാം കടംപെട്ടിരിക്കുന്നു. നാം ഓരോ മനുഷ്യനും കടപ്പെട്ടിരിക്കുന്നു. നാം പണം കൊടുത്തു സഹായി ക്കു ന്നി ല്ലാ യി രിക്കാം എന്നാൽ നാം അവരെ സ്നേഹിക്കുന്നു. സ്നേഹം എന്നു പറഞ്ഞാൽ ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുക എന്നാണർത്ഥം. വിശന്നിരിക്കുന്നവന് ആഹാരം, കഷ്ടങ്ങളിലും പ്രയാസങ്ങളിലും ആയിരിക്കുന്നവർക്കു ഒരു നല്ല വാക്ക്. അന്യോന്യം സ്നേഹിക്കുന്നത് അല്ലാതെ ഒന്നും കടപ്പെട്ടിരിക്കരുത്; അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലോ (റോമർ. 13:8).

ഈ നിലയിൽ ആളുകളെ നാം കാണുമ്പോൾ, നാം കാണുന്ന ഓരോ വ്യക്തിയെയും കുറിച്ച് നമ്മോടുതന്നെ ചോദിക്കുന്നത്, എങ്ങനെ ഈ വ്യക്തിയെ എനിക്ക് സഹായിക്കാൻ കഴിയും? എന്താണ് അവനുവേണ്ടി ചെയ്യുവാൻ ദൈവം എന്നെക്കുറിച്ച് ആഗ്രഹിക്കുന്നത്? നമ്മുടെ സമീപത്തുകൂടെ പോകുന്ന ഓരോ വ്യക്തിയോടും പറയാൻ ഒരു ദൂത് നമ്മുടെ പക്കൽ ഉണ്ട്. നാം കുറഞ്ഞപക്ഷം ഒരു ദയയുള്ള വന്ദനം അവരോട് പറയണം, ഒരു നല്ല വാക്ക് പറയണം. അവർ നമ്മോട് ആവശ്യപ്പെടുന്ന കാര്യം അവർക്കു വേണ്ടി ചെയ്യുവാൻ നമുക്ക് കഴിഞ്ഞെന്നു വരില്ല, എന്നാൽ സ്നേഹത്തോടെ അദ്ദേഹത്തോട് ഇടപെടുവാൻ നമുക്ക് കഴിയും.

പറയപ്പെടാത്ത സന്തോഷം ഓരോ ദിവസവും അനേകർ വഴിയായി നമുക്കു കിട്ടുന്നു. ഒരുവനിൽ നിന്നു ഒരുവനിലേയ്ക്ക് നാം പകർന്നു കൊടുക്കുന്ന സ്നേഹത്തിന്റെ ദൂതിനാലും നാം കണ്ടുമുട്ടുന്ന ഓരോ വ്യക്തിയുടെയും സേവനത്തിന്റെ ശ്രേഷ്ഠമേറിയ ഈ പാഠം നാം പഠിക്കുന്നു. മറ്റുള്ളവരോടുള്ള നമ്മുടെ ആ മനോഭാവം നമ്മിലുള്ള സകല അഹങ്കാരത്തെയും ധിക്കാര മനോഭാവത്തെയും ഇല്ലാതാക്കുന്നു. അപ്പോൾ നമ്മുടെ സ്വാർത്ഥത ഇല്ലാതായിട്ട് സ്വന്തം കാലിൽ നില്ക്കാം എന്ന അഹങ്കാരവും കളഞ്ഞ് തുവർത്തും പാത്രത്തിൽ വെള്ളവും എടുത്ത യേശുവിനെപ്പോലെ താഴ്മ ധരിക്കുമ്പോൾ മറ്റുള്ളവരുടെ പ്രശംസയ്ക്ക് പാത്രമാ വുകയും ചെയ്യുന്നു. നാം നമ്മിൽ തന്നെ പുകഴാതെ നമ്മുടെ പ്രവൃത്തികളെ നാം തന്നെ ഉയർത്തിപ്പിടിക്കാതെ താഴ്മയോടെ പാവപ്പെട്ടവർക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ, നാം ചെയ്യുന്ന കാര്യം ചെറുതാണെങ്കിലും വലിയ ദൈവത്തിൽ നിന്നും പ്രാപിക്കുന്നു. കർത്താവ് പറഞ്ഞത് "നിങ്ങളിൽ വലിയവൻ ഇളയവനെപ്പെലെയും നായകൻ ശുശ്രൂഷിക്കുന്നവനെപ്പെലെയും ആകട്ടെ" (ലൂക്കൊ. 22:26). ❖

(7-ാംപേജിന്റെ തുടർച്ച)

പരമപ്രധാനമായ ഏഴു ചോദ്യങ്ങൾ

സൂക്ഷിക്കുന്നുവോ? എന്റെ പദവിയെ ഞാൻ കാത്തു സൂക്ഷിക്കുന്നുവോ? അനുദിനം ഞാൻ അവിടുത്തോടു അടുത്തുചെല്ലുന്നുവോ? ഞാൻ ഒരു പ്രാർത്ഥനാ മനുഷ്യൻ എന്ന നിലയിൽ ദൈവം എന്നെ അറിയുന്നുവോ? അതോ ഞാൻ പരാജയപ്പെട്ടവനാണോ? അങ്ങനെയെങ്കിൽ എന്റെ ഉടമ്പടിയെ പുതുക്കാൻ അവിടുന്ന് എന്നെ ശക്തീകരിക്കട്ടെ.

4.ഞാൻ ദൈവവചനത്തിന്റെ ശ്രദ്ധയുള്ള ഒരു വിദ്യാർത്ഥിയാണോ?

ഞാൻ ദൈവവചനത്തെ ഉപേക്ഷിക്കുന്നു എങ്കിൽ എന്നോടു സംസാരിക്കുന്ന ദൈവത്തിന്റെ അരുളപ്പാടുകളെ ഞാൻ ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്. ഞാൻ ദിനം തോറും ദൈവവചനം പഠിക്കുന്നില്ല എങ്കിൽ ഞാൻ ദൈവത്തിന്റെ നടത്തിപ്പിന് പുറത്താണ്. ദൈവവചനത്തെ ഉപേക്ഷിക്കുന്നവൻ ദൈവത്തിൽ നിന്നും വളരെ അകലെയാണ്. മറ്റൊന്നും അതിന് പകരമാവില്ല. ഇത് മനുഷ്യനോടുള്ള ദൈവത്തിന്റെ വചനമാണ്. ഞാൻ യഥാർത്ഥമായി ദൈവത്തെ അറിയുന്നു എങ്കിൽ ഞാൻ ദൈവത്തിന്റെ വചനം പഠിക്കുവാനിടയാകും. കൂടുതൽ നാം വായിക്കുന്തോറും കൂടുതൽ അത് നമ്മെ ആവേശഭരിതരാക്കും. ദൈവവചനം കൂടാതെ എനിക്ക് ഒന്നും ചെയ്യുവാൻ എന്നെ ബലപ്പെടുത്തുന്ന ഭക്ഷണവും എന്റെ പാനീയവും ആകുന്നു.

എന്റെ ക്രിസ്തീയ ജീവിതത്തിന്റെ കഴിഞ്ഞ നാളുകളിൽ ഞാൻ വീണഅടും വീണ്ടും വചനത്തിലേയ്ക്ക് തിരിഞ്ഞു. ഞാൻ മാനസാന്തരപ്പെട്ടപ്പോൾ ദിനം തോറും ദൈവവചനം വായിച്ചു. എന്നാൽ ഇന്നും അതിന്റെ ആഴങ്ങളിലേയ്ക്ക് ഇറങ്ങുന്നുവോ? ഞാൻ ആദ്യം വായിക്കാൻ തുടങ്ങിയതുപോലെ ഇന്നും അത് എനിക്ക് പുതുമയായിരിക്കുന്നുവോ? അപ്പോസ്തലന്മാരെ പോലെയും പ്രവാചകന്മാരെപോലെയും ഞാൻ അതിൽ സന്തോഷിക്കുന്നു വോ? ദാവീദിന്റെ സങ്കീർത്തനങ്ങൾ പോലെ അത് എന്നെ സംതൃപ്തിപ്പെടുത്തുന്നുവോ? ദൈവത്തിന്റെ വചനം എനിക്ക് ജീവന്റെ പുസ്തകമാ ണോ? ഞാൻ അതിൽ നിന്നും നിത്യം ഭക്ഷണം ആസ്വദിക്കുന്നുവോ?

ഒരു പക്ഷേ ഞാൻ ഒരു ബലഹീനനായിരിക്കാം. ദൈവത്തിന്റെ വചനം എനിക്ക് ഭക്ഷണവും പാലും ആയി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഞാൻ ശക്തനായിരിക്കണമെങ്കിൽ ദിനംതോറും അതിലേയ്ക്ക് തിരിയേണ്ടത് ആവശ്യമാണ്. അതുകൊണ്ട് ദൈവവചനത്തിന്റെ ഒരു നല്ല വിദ്യാർത്ഥിയായിരിപ്പാൻ ദൈവം എന്നെ സഹായിക്കട്ടെ.

5. ഞാൻ ക്രിസ്തുവിനെ പരസ്യമായി ഏറ്റുപറയുന്നുവോ?

എന്റെ ക്രിസ്തീയ ജീവിതത്തിന്റെ ആദ്യവർഷങ്ങളിൽ ആത്മാക്കളെക്കുറിച്ച് ദാഹമുള്ളവനായിരുന്നു. തെരുക്കോണുകളിൽ എന്റെ ക്രിസ്തീയ സഹോദരങ്ങളോടൊത്തു പ്രവർത്തിക്കുന്നതിനും സാക്ഷ്യങ്ങളെ പങ്കുവയ്ക്കുന്നതിലും ഞാൻ വ്യാപൃതനായിരുന്നു. സുവിശേഷീകരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതും ആത്മാക്കളെ നേടുവാനുള്ള അവസരങ്ങളും എനിക്ക് ഏറെ സന്തോഷമുള്ളതായിരുന്നു. രക്ഷിക്കപ്പെടാത്തവരുടെ അവസ്ഥയെപ്പറ്റി ഞാൻ ഭാരമുള്ളവനായിരുന്നു. ദൈവം എനിക്ക് ചെയ്തതിനെപ്പറ്റി പറയുന്നതിൽ ഞാൻ ഉത്സാഹമുള്ളവനായിരുന്നു. ഞാൻ വീട്ടിലേക്ക് പോയി എന്റെ കൂട്ടുകാരോടും ഞാൻ ആ സന്തോഷം പങ്കിട്ടിരുന്നു.

(ശേഷം അടുത്തലക്കം)

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975